

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പനമരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3-919/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 06/10/2025
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രസഹിതം)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണവകുപ്പ്, വയനാട്
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3-919/2025 തീയ്യതി: 06/10/2025

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 19-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അഗസ്റ്റ്യൻ. ഒ. കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	15-07-2025	23-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-07-2025	23-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഡേവിഡ്. കെ. വി. , ഓഡിറ്റ് ഓഫീസർ
ശ്രീ. അലി അക്ബർ. കെ. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനോജ് കുമാർ. വി. എൻ. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിപിൻ ചന്ദ്രൻ. എം. ടി. , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ഗിരിജ കൃഷ്ണൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ഷീബ കെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി പി ബിജു	പട്ടിക ജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ പ്രശാന്ത് എൻ എസ്	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ	01-04-2024	11-04-2024
സഫീർ എസ്	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ	12-04-2024	18-05-2024
കവിത എ.കെ	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ (ചാർജ്ജ്)	19-05-2024	11-06-2024
സഫീർ എസ്	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ	12-06-2024	04-02-2025
കവിത എ.കെ	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ (ചാർജ്ജ്)	05-02-2025	20-02-2025
ഷിനോജ് ടി വി	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ (ചാർജ്ജ്)	21-02-2025	31-03-2025
ശ്രീ വിനോയ് എ ടി	കൃഷി അസി. ഡയറക്ടർ	01-04-2024	18-12-2024
സുമിന ടി എസ്	കൃഷി അസി. ഡയറക്ടർ	18-12-2024	31-03-2025
ശ്രീ നൗഷാദ് സി	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ അഭിലാഷ് പി	ക്ഷീര വികസന ഓഫീസർ	01-04-2024	24-08-2024
ഹുസ്ന സി എച്ച്	ക്ഷീര വികസന ഓഫീസർ	25-08-2024	20-11-2024
മരിയ ദിവാൻജി എ എസ്	ക്ഷീര വികസന ഓഫീസർ	20-11-2024	31-03-2025
ഡോ. സുനിൽ കെ എസ്	സീനിയർ വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ ഷിനോജ് ടി വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	15-06-2024
ശ്രീ ഗിരീഷ് കുമാർ. വി	അസിസ്റ്റന്റ് എഞ്ചിനീയർ	16-06-2024	15-07-2024
ഷിനോജ് ടി വി	അസിസ്റ്റന്റ് എഞ്ചിനീയർ	16-07-2024	20-02-2025
ഡിൽന ടി പി	അസി.എഞ്ചിനീയർ (ചാർജ്ജ്)	21-02-2025	31-03-2025
ശ്രീമതി അനിത പി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	31-03-2025
ഡോ.പ്രഭാകരൻ കെ	മെഡിക്കൽ ഓഫീസർ , സി എച്ച് സി,പുൽപള്ളി	01-04-2024	31-03-2025
ഡോ. വൽസല പി പി	മെഡിക്കൽ ഓഫീസർ , സി എച്ച് സി പനമരം	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.	1-1-3
5	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വികസന ഫണ്ട് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-4
6	ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല	1-1-5
7	ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-6
8	പ്രയർ പീരിയഡ് ചെലവുകൾ-വിശദാംശങ്ങൾ ലഭ്യമല്ല	1-1-7
9	കാലഹരണപ്പെട്ട നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.	1-1-8
10	ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	ആസ്തികളുടെ മൂല്യം പ്രോഗ്രസീവായി കൂട്ടുന്നതിന് പകരം കുറവ് ചെയ്തു.	1-1-10
12	തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പു പദ്ധതി	1-6
18	ആഭ്യന്തര നിയന്ത്രണം	1-7
19	ക്യാഷ് ബാലൻസ് പരിശോധന	1-8
20	ഗ്രാന്റ് സ്റ്റേറ്റ്മന്റും എ.സി.ആറും യോജിക്കുന്നില്ല.	1-9
21	അനുവദനീയമല്ലാത്ത ചെലവുകൾക്കും കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടാത്ത ഇനം ചെലവുകൾക്കും കണ്ടിജന്റ് ചെലവുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ തുക വിനിയോഗിച്ചു	1-10
22	കേരളോത്സവം അധികം ചെലവഴിച്ച 28785രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-11
23	ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവുതുക 2590000/-തടസ്സത്തിൽ വെയ്ക്കുന്നു	1-12
24	മുൻകൂർ തുക കൈമാറിയത് -വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹8,31,929 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-13
25	പി.എം.എ വൈ ഭവനപദ്ധതി തൽസ്ഥിതി വിവരങ്ങൾ	1-14
26	അർഹമായ പിഴ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല.	1-15
27	തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ- തനത് ഫണ്ടിലേക്ക് തുക റീ ഫണ്ട് ചെയ്യാൻ ബാക്കി നിൽക്കുന്നു.	1-16
28	കൊഴുപ്പള്ളിക്കുന്ന് വാട്ടർ സപ്ലൈ സ്കീമിന് ഇലക്ട്രിഫിക്കേഷൻ & പമ്പ് സെറ്റ് ലഭ്യമാക്കൽ - പ്രവൃത്തി അനന്തമായി നീണ്ടുപോയി, പിഴ ഈടാക്കിയില്ല.	1-17
29	പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ചിട്ടില്ല.	1-18
30	പുൽപ്പള്ളി സി.എച്ച്.സി ആശുപത്രി സായാഹ്ന ഒ.പി - നികുതികൾ അടവാക്കിയിട്ടില്ല.	1-19
31	വാഹന വാടക- അനുവദനീയമായതിലും അധികം തുക നൽകി	1-20
32	സർക്കാർ നിർദ്ദേശാനുസരണം ഉള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല	1-21
33	ഒരേ ഇൻവോയിന് രണ്ട് പ്രാവശ്യം തുക നൽകി	1-22
34	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ	1-23-1

35	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പട്ടിക വർഗ്ഗം	1-23-2
36	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-23
37	പനമരം സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നു വാങ്ങൽ	1-24-1
38	ഗോജീവ സുരക്ഷ സഞ്ചരിക്കുന്ന മൃഗാശുപത്രി(സ്പിൽ ഓവർ)	1-24-2
39	പദ്ധതികൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-24
40	സഞ്ചരിക്കുന്ന ആതുരാലയം - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കി	1-25
41	പുൽപ്പള്ളി സി.എച്ച്.സി- ക്വാളിറ്റി സർട്ടിഫിക്കേഷൻ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statements	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 29/05/2025 ലെ 2/1 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് 19/06/2025-ന് ഓഡിറ്റിന് സമർപ്പിച്ച 2024-25 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിംഗ് കുറിപ്പുകൾ മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ രേഖപ്പെടുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (17/21.07.25), സോഫ്റ്റ് വെയറിൽ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്ത് വരാത്തത് മൂലമാണ് രേഖപ്പെടുത്തലുകൾ വരുത്താൻ സാധിക്കാത്തത് എന്ന മറുപടി ആണ് ലഭ്യമാക്കിയത്. അതിനാൽ ഈ മറുപടി തൃപ്തികരമല്ല. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി സൂക്ഷിക്കേണ്ട രേഖകളും വിവരങ്ങളും പരിപാലിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ലഭ്യമാക്കൽ പഞ്ചായത്തിന്റെ ഉത്തരാവാദിത്തമാണ്. സോഫ്റ്റ്വെയറിൽ ഈ റിപ്പോർട്ട് ഉൾക്കൊള്ളിക്കാൻ പഞ്ചായത്ത് ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവന്നതായ രേഖകളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഭാവിയിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) സോഫ്റ്റ് വെയർ വഴി ലഭ്യമാക്കാൻ ഐ.കെ.എം മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി (02/01 തീ. 29.05.2025) 19/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

കൽപ്പറ്റ
06/10/2025

1-1-2 പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/21.07.25) പ്രതിമാസ ധനകാര്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-1-3 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(Net Cash Generated By Operating + Investing + Financial Activity), പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി(Net Increase In Cash And Cash Equivalence) ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു

Net Cash Generated By Operating+Investing+Financial Activity	Net Increase In Cash And Cash Equivalence
1,89,28,473	1,65,21,159

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ (17/21.07.25) മറുപടിയിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയ സാംഖ്യ സോഫ്റ്റ് വെയർ സർവർ തകരാർ പരിഹരിച്ച് മറുപടി അടിയന്തിരമായി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-1-4 ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വികസന ഫണ്ട് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലെ 2024-25 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വികസന ഫണ്ട് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	എ.എഫ്.എസ്. പ്രകാരം ചെലവ്	ഗ്രാന്റ് പത്രിക പ്രകാരം ചെലവ്	വ്യത്യാസം
വികസനഫണ്ട് ജനറൽ	3,62,72,213	3,52,27,276	10,44,937
വികസന.ഫണ്ട് എസ്.സി.പി	27,44,013	24,60,493	2,83,520
വികസന.ഫണ്ട് ടി.എസ്.പി	2,02,76,021	2,04,44,657	-1,68,636

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/21.07.25) മേൽ വ്യത്യാസം സംഭവിച്ചതിന്റെ കാരണം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-5 ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല

B11 ഷെഡ്യൂൾ പ്രകാരം സ്ഥിരാസ്ഥികൾ എന്ന ശീർഷകത്തിൽ 5,32,57,327/- രൂപയുടെ ആസ്തി കാണിച്ചിട്ടുണ്ട്. 26.07.2011-ലെ ജി.ഒ.(എം.എസ്.) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾപ്രകാരമുള്ള കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷികകണക്കിലെ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻകയറി (നമ്പർ- 17/2025 തീയതി 21.07.2025)നൽകിയതിന് മറുപടിയിൽ ആസ്തി കാലികമാക്കാൻ അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.ആസ്തി കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-6 ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ Building – Bus Stands എന്ന ഹെഡ്ഡിൽ 119,330/- രൂപ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതല്ല. മേൽ ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയത് വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന് (17/21.07.25) ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് നിർമ്മിച്ച പദ്ധതിയായതിനാലാണ് ആസ്തിയായി രേഖപ്പെടുത്തിയതെന്നും ടി ആസ്തി ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. ആസ്തി കൈമാറിയതിനുശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-7 പ്രയർ പീരിയഡ് ചെലവുകൾ-വിശദാംശങ്ങൾ ലഭ്യമല്ല

Income & Expenditure I –18 ഷെഡ്യൂൾ പ്രകാരം പ്രയർ പീരിയഡ് എക്സ്പെൻസിൽ ചെലവായി ₹9,79,35,507/- രൂപ കാണിച്ചിട്ടുണ്ട്. പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/21.07.25) വിശദാംശങ്ങൾ പരിശോധിക്കാൻ സാംഖ്യ സോഫ്റ്റ് വെയർ സർവർ തകരാറിലാണെന്നും തകരാർ പരിഹരിച്ച് മറുപടി അടിയന്തിരമായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

1-1-8 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹20,54,181 രൂപ നിക്കീയിരിപ്പുണ്ട്. 3 വർഷത്തിൽ കൂടുതലായ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.
ഉദാ:- Election Deposit(Candidate) (അക്കൗണ്ട് കോഡ്-340200107) ഇനത്തിൽ ₹112,000 രൂപ നിക്കീയിരിപ്പുണ്ട് . ഇത് 2020-21 സാമ്പത്തിക വർഷം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ സ്വീകരിച്ച പണമാണ് എന്ന് കാണുന്നു. മേൽ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(17/21.07.25) തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റനെ അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.
തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-9 ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17/21.07.25) ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തന്നതാണെന്നറിയിച്ചിട്ടുണ്ട്.
ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-10 ആസ്തികളുടെ മൂല്യം പ്രോഗ്രസീവായി കൂട്ടുന്നതിന് പകരം കുറവ് ചെയ്തു.

ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിലെ ആസ്തികളുടെ മൂല്യവും ഡിപ്രീസിയേഷന്റെ വാല്യുവും പ്രോഗ്രസീവായിട്ടാണ് ചേർത്ത് വരേണ്ടത്. എന്നാൽ ചുവടെ ചേർത്ത അക്കൗണ്ട് ഹെഡിൽ വരുന്നു ആസ്തികളുടെ ഓപ്പണിംഗ് ബാലൻസിനേക്കാൾ കുറവായിട്ടാണ് ക്ലോസിംഗ് ബാലൻസ് തുക കാണുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ്	ഓപ്പണിംഗ് ബാലൻസ്	ക്ലോസിംഗ് ബാലസ്
410710104-Movable Assets-Furniture,Fixtures,Fittings & Electrical Appliances	1,26,59,424	38,61,216
410800101- Other Fixed Assets	14,70,608	0

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന് (17/21.07.25) വിശദാംശങ്ങൾ പരിശോധിക്കാൻ സാംഖ്യ സോഫ്റ്റ് വെയർ സർവർ തകരാറിലാണെന്നും തകരാർ പരിഹരിച്ച് മറുപടി അടിയന്തിരമായി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

1-1-11 തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യുൾ ബി-4 പ്രകാരം 350200301-Recoveries Payable-Covid എന്ന ഹെഡ്ഡിൽ 121417 രൂപ ബാക്കി നിൽക്കുന്നു. മേൽ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
വാർഷിക കണക്കുകൾ സംബന്ധിച്ച് 1-1-1 മുതൽ 1-1-11 വരെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (17/21.07.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അക്കൌണ്ടിൽ നിലവിൽ തുകയൊന്നും അവശേഷിക്കുന്നില്ലായെന്നും അക്കൌണ്ട് കാലികമാക്കാനുള്ള നടപടി സ്വീകരിക്കുന്നാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ 2024 – 25 വർഷത്തെ ബഡ്ജറ്റ് 15-02-2024 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് 24.02.2025 ലെ 1/1 നമ്പർ (അജണ്ട ഫയൽ നമ്പർ 2/24) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ കൊടുക്കുന്നു.

ഇനം	ബജറ്റ് പ്രകാരം തുക
മുന്നിരിപ്പ്	14,83,866.00
വരവ്	28,87,01,500.00
ആകെ വരവ്	29,01,85,366.00
ചെലവ്	28,87,53,000.00
നീക്കിബാക്കി	14,32,366.00

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹ 21,719,172.00
വരവ്	₹ 122644281.00
ആകെ	₹ 144363453.00
ചെലവ്	₹ 106123122.00
നീക്കിയിരിപ്പ്	₹ 38240331.00

1-4 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ	0	44646871	44646871	35227276*	9419595
വികസന ഫണ്ട്- എസ്.സി.പി	0	5442129	5442129	2460493**	2981636
വികസന ഫണ്ട്- ടി.എസ്.പി	0	33737000	33737000	20444657	13292343
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	0	19362149	19362149	7877599	11484550
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied)	0	7911530	7911530	4510377	3401153
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	17806000	17806000	9612024	8193976
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	0	0	0	0

* അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് -ജനറൽ ചെലവ് 3,68,72,213/- ഉം നീക്കിബാക്കി 77,74,658 ഉം ആകുന്നു. ചെലവ് വ്യത്യാസം 16,44,937/- . 'സുലേഖ' പ്രകാരം പ്രോജക്ട് നമ്പർ 126/24-25 ന്റെ 29/8/2024 ലെ ചെലവ് 63,274/- രൂപയും പ്രോജക്ട് നമ്പർ 112/24-25 ന്റെ 9/5/2024 ലെ ചെലവ് 15,81,663/- രൂപയും (ആകെ 16,44,937/-). അപ്രൂവ്ഡ് എന്ന് കാണിക്കുന്നതിനു പകരം പ്രോജക്ട് ക്ലിയേർഡ് ബൈ ഡി.പി.സി എന്ന് കാണിച്ചതിനാലാണ് വ്യത്യാസം.

** അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട്- എസ്.സി.പി ചെലവ് 2894013 ഉം നീക്കിബാക്കി 2548116 ഉം ആകുന്നു. ചെലവ് വ്യത്യാസം 433520/- 'സുലേഖ' പ്രകാരം പ്രോജക്ട് നമ്പർ 129/24-25 ന്റെ 7/9/2024 ലെ ചെലവ് 433520/- രൂപ അപ്രൂവ്ഡ് എന്ന് കാണിക്കുന്നതിനു പകരം പ്രോജക്ട് ക്ലിയേർഡ് ബൈ ഡി.പി.സി എന്ന് കാണിച്ചതിനാലാണ് വ്യത്യാസം.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം
187	266865839	100	95104954	23	87	77	41.17

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %

			തുക		
സെക്രട്ടറി	36	23	140281892	38293757	27.29
അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	1	0	1898000	0	0
അസിസ്റ്റന്റ് എഞ്ചീനീയർ	110	44	80852965	26398171	31.66
വ്യവസായ വികസന ഓഫീസർ	4	1	6010000	1085388	18.05
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	18	18	14115990	12644824	89.57
ശിശുവികസന പദ്ധതി ഓഫീസർ	8	6	6524805	5339681	81.83
അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	4	4	5777778	5122000	88.64
ക്ഷീര വികസന ഓഫീസർ	2	2	4700000	4700000	100
വെറ്ററിനറി സർജൻ	1	1	1000000	742640	74.26
പട്ടികജാതി വികസന ഓഫീസർ	3	1	3187409	778493	24.42
ആകെ	187	100	264348839	95104954	35.97

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	തൻവർഷം നൽകിയത്	ആകെ	മുൻകൂർ തിരികെ	തിരികെ ലഭിക്കാനുള്ളത്
ഭരണചെലവുകൾ	2197332	1977754	4175086	2243494	1931592

[സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്റർ പ്രകാരം ലഭിച്ച കണക്കുകളാണ് മുകളിൽ ചേർത്തിട്ടുള്ളത്]

1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ

പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.
ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം വാർഷിക കണക്കിലൂടെയാണ് വ്യക്തമാകേണ്ടത്. എന്നാൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപനത്തിന്റെ ആസ്തി ബാധ്യതകൾ യഥാർത്ഥ കണക്കിനേക്കാൾ വളരെയധികം അധികരിച്ചാണ് കാണിച്ചിരിക്കുന്നത്. അഡ്വാൻസ് നൽകിയ പല പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുള്ളതാണെങ്കിലും യഥാസമയങ്ങളിൽ വാർഷിക കണക്കിൽ എൻട്രി വരുത്താത്തതിനാൽ സ്ഥാപനത്തിന്റെ ആസ്തി മൂല്യത്തിൽ വർദ്ധന കാണിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. സ്ഥാപനത്തിന്റെ അക്കൗണ്ട് കൈകാര്യം ചെയ്തു വരുന്ന ഉദ്യോഗസ്ഥർ കാലികമായി എൻട്രികൾ വരുത്താത്തത് മൂലം വാർഷിക കണക്കിൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ആസ്തി ബാധ്യതകൾ അധികരിച്ചാണ് കാണിക്കുന്നത്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ടി.ആർ. 7 എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. കണ്ടിജന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും വൗച്ചറുകളിൽ “പാസ്സ് ഫോർ പേയ്മെന്റ്” (Passed For Payment) സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ , വെറ്ററിനറി സർജ്ജൻ എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സബ്സിഡിയറി രജിസ്റ്റർ ഇല്ല . ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല .

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19/07/2025 വൈകുന്നേരം 3:30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല. ആയത് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ഗ്രാന്റ് സ്റ്റേറ്റ്മന്റും എ.സി.ആറും യോജിക്കുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് -ജനറൽ ചെലവ് 3,68,72,213/- ഉം നീക്കിബാക്കി 77,74,658/- ഉം ആകുന്നു. ഗ്രാന്റ് സ്റ്റേറ്റുമെന്റുമായി ചെലവ് വ്യത്യാസം 16,44,937/- . വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട്- എസ്.സി.പി ചെലവ് 28,94,013/- ഉം നീക്കിബാക്കി 25,48,116/- ഉം ആകുന്നു. ഗ്രാന്റ് സ്റ്റേറ്റുമെന്റുമായി ചെലവ് വ്യത്യാസം 4,33,520/-ആണ്. 'സുലേഖ' പ്രകാരം പ്രോജക്ട് നമ്പർ 129/24-25 അയ്യപ്പ ക്ഷേത്രം - പാടവയൽ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ 7/9/2024 ലെ ചെലവ് 4,33,520/- രൂപ അപ്രൂവ്ഡ് എന്ന് കാണിക്കുന്നതിനു പകരം "പ്രോജക്ട് ക്ലിയേർഡ് ബൈ ഡി.പി.സി" എന്ന് കാണിച്ചതായി കാണുന്നു.

സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ എൻകെയറി നമ്പർ. 18/24-25/21.7.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-10 അനുവദനീയമല്ലാത്ത ചെലവുകൾക്കും കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടാത്ത ഇനം ചെലവുകൾക്കും കണ്ടിജന്റ് ചെലവുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ തുക വിനിയോഗിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ 2024-25 സാമ്പത്തിക വർഷത്തെ കണ്ടിജന്റ് ചെലവുകൾക്കായി ₹4,70,000/- ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	തുക	ചെക്ക് നമ്പർ/തീയതി
1	50000	XY6791708/11.06.2024
2	100000	XY6791739/19.08.2024
3	100000	XY6791772/10.10.2024
4	50000	XY6791785/21.11.2024
5	50000	XY6791911/15.01.2025
6	120000	XY6791928/24.02.2025
ആകെ	4,70,000	

മേൽ പറഞ്ഞ ആകെ തുകയിൽ നിന്നു ₹4,12,011/- എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വാടകയ്ക്കെടുത്ത

വാഹനത്തിന്റെ വാടക നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട് (വിശദാംശങ്ങൾക്ക് ഓഡിറ്റ് എൻകൃയറി നം.9, തീയതി 19/07/2025 കാണുക). പദ്ധതി മാർഗ്ഗരേഖ പ്രകാരം വാഹന വാടക നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രോജക്ട് തയ്യാറാക്കിയായിരുന്നു ചെലവു നടത്തേണ്ടിയിരുന്നത്. കണ്ടിജന്റ് ചെലവുകൾക്ക് വകയിരുത്തിയ തുകയിൽ പ്രസ്തുത ചെലവ് നടത്തിയത് ക്രമവിരുദ്ധമാണ്. 27.05.1998 -ലെ ജി.ഒ (എം.എസ്) നം. 107/98/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ എന്തൊക്കെയാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞതിന് പുറമെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദനീയമല്ലാത്ത താഴെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ചെലവ് ഇനം	അനുവദനീയമല്ലാത്ത ചെലവ് തുക /ചെക്ക് നമ്പർ	റിമാർക്സ്
1	ഓഫീസ് മീറ്റിംഗിൽ ചായ , സ്നാക്സ് നൽകിയത്	₹1000/- 600786/15.06.2024	
2	ഓഫീസ് മീറ്റിംഗിൽ ചായ , സ്നാക്സ് നൽകിയത്	₹2100/- 600790/18.10.2024	
3	ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് (Q4/23-24 - ടാക്സ് പ്ലാനേഴ്സ് ഇൻവോയ്സ് നമ്പർ 2584/24.05.24 & 2666/27.05.24)	₹1375/- (₹1493/- 600783/15.06.2024)	ഇൻവോയ്സ് പ്രകാരം ആകെ തുക ₹1493/- ആണ്. ഇതിൽ ₹1375/-ഫയലിംഗ് ചാർജ്ജും ₹118 അപ് ലോഡിംഗ് ചാർജ്ജുമാണ്. അപ് ലോഡിംഗ് ചാർജ്ജിന്റെ ചെലവ് അനുവദനീയമാണ്.
4	ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് (Q1/24-25- ടാക്സ് പ്ലാനേഴ്സ് ഇൻവോയ്സ് നമ്പർ 2893/01.08.24))	₹600/- (₹659/- 600787/22.08.2024)	ഫയലിംഗ് ചാർജ്ജ് - ₹600/-, അപ് ലോഡിംഗ് ചാർജ്ജ് - ₹59/-
5	ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് (Q1/24-25 - ടാക്സ് പ്ലാനേഴ്സ് ഇൻവോയ്സ് നമ്പർ 2887/01.08.24)	₹250/- (₹309/- 600789/16.10.2024)	ഫയലിംഗ് ചാർജ്ജ് - ₹250/-, അപ് ലോഡിംഗ് ചാർജ്ജ് - ₹59/-
6	ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് (Q2/24-25- ടാക്സ് പ്ലാനേഴ്സ് ഇൻവോയ്സ് നമ്പർ 3276/22.10.24 & 3277/22.10.24)	₹950/- (₹1068/- 600792/07.11.2024)	ഫയലിംഗ് ചാർജ്ജ് - ₹950/-, അപ് ലോഡിംഗ് ചാർജ്ജ് - ₹118/-
7	ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് (Q3/24-25- ടാക്സ് പ്ലാനേഴ്സ് ഇൻവോയ്സ് നമ്പർ 3623/29.01.25 & 3626/29.01.25)	₹900/- (₹1018/- 600800/28.02.2025)	ഫയലിംഗ് ചാർജ്ജ് - ₹900/-, അപ് ലോഡിംഗ് ചാർജ്ജ് - ₹118/-
അകെ തുക		₹7175/-	

മേൽ പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 11/21.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-11 കേരളോത്സവം അധികം ചെലവഴിച്ച 28785രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം 2024-25 വർഷത്തെ കേരളോത്സവത്തിന് തുക ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ പേരും പ്രൊജക്ട് നംമ്പറും	കേരളോത്സവം പ്രോജക്ട് നം. 3/25
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	150000
ചെലവ്	78784(വികസന ഫണ്ട് ജനറൽ) TRN No.241808000000011141 Dtd 25.03.25

	1,00,000 – Voucher No. 22400425 Dtd 16.12.24 (Own Fund)

2024 ഡിസംബർ 1 മുതൽ 15 വരെ പനമരം ബ്ലോക്കിന്റെ വിവിധ വേദികളിൽ നടന്ന കേരളോത്സവത്തിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. ഹാജരാക്കിയ രേഖകൾ പ്രകാരം കേരളോത്സവത്തിന്റെ നടത്തിപ്പിനായി ആകെ 178784/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു പത്രിക പ്രകാരം 78784/-രൂപ വികസന ഫണ്ടിൽ നിന്നും കേരളോത്സവത്തിന് ചെലവായാതായാണ് കാണുന്നത്. 1,00,000/- രൂപ (വൗച്ചർ നം.22400425 തീ. 16/12/24) മുൻകൂറായി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തതായി കാണുന്നില്ല.
2.സ.ഉ(സാധാ) നം 2151/2024/LSGD തിയ്യതി 11.11.2024 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കേരളോത്സവത്തിന് ചെലവഴിക്കാവുന്ന പരാമാവധി തുക 150000/-രൂപയാണ്. എന്നാൽ 178784/-രൂപ ചെലവഴിച്ചിട്ടുണ്ട് .
3 മേൽ സർക്കാർ ഉത്തരവിൽ വരവ് ചെലവ് കണക്കുകളും കൗൺസിൽ അംഗീകരിച്ച പ്രസ്ഥാവനകളും ധനവിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന യുവജന ബോർഡിൽ നല്കണമെന്ന് പറയുന്നുണ്ട്. എന്നാൽ കണക്കുകൾ സമർപ്പിതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.07.25) മറുപടി ലഭ്യമാക്കയതിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്
റീക്കൂപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നത് വരെ അധികം ചെലവഴിച്ച 28785 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-12 ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവുതുക 2590000/-തടസ്സത്തിൽ വെയ്ക്കുന്നു

2024-25 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്കൂകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ചെലവുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ട്	ഫണ്ടിനം, അടങ്കൽ	ആകെ ചെലവ്
1	16/2025	ലൈഫ് ഭവന പദ്ധതി (ടി.എസ്.പി) – ബ്ലോക്ക് വിഹിതം നൽകൽ	വികസനഫണ്ട്(ടി.എസ്.പി) 500000	കണിയാമ്പറ്റ പഞ്ചായത്ത് -500000/-
2	8/25	ലൈഫ് ഭവന പദ്ധതി (ജനറൽ) – ബ്ലോക്ക് വിഹിതം നൽകല്	വികസനഫണ്ട് (ജനറൽ) 500000	പനമരം പഞ്ചായത്ത് 500000/-
3	10/25	ലൈഫ് ഭവന പദ്ധതി (എസ്.സി.പി) – ബ്ലോക്ക് വിഹിതം നൽകല്	വികസനഫണ്ട് (എസ്.സി.പി) 1200000	പനമരം പഞ്ചായത്ത്- 500000/- കണിയാമ്പറ്റ പഞ്ചായത്ത്-440000/- പൂതാടി പഞ്ചായത്ത് -150000/- ആകെ – 1090000/-
4	20/25	അതിദാരിദ്ര പ്രക്രിയ പഞ്ചായത്തിന് വിഹിതം	വികസനഫണ്ട് (ജനറൽ) 500000	പുൽപ്പള്ളി പഞ്ചായത്ത് -355689/- പൂതാടി

		നൽകൽ		പഞ്ചായത്ത് -144311/- ആകെ – 500000/- TRN No.241808000000002574 Dtd 11.07.24
ആകെ				2590000/-

പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകവയറിക്ക് (7/18-07-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹2590000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 മുൻകൂർ തുക കൈമാറിയത് -വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹8,31,929 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് ചുവടെ ചേർത്ത പദ്ധതികൾക്ക് മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ട്	അടങ്കൽ	മുൻകൂറായി നൽകിയ തുക	വൗച്ചർ നം	നിർവ്വഹണ ഏജൻസി
1	കുഴൽ കിണർ നിർമ്മാണം 7/25 -	782000 (ധനകാര്യ കമ്മീഷൻ ഫണ്ട്)	191829	22400828/29.03.25	ഭൂജല വകുപ്പ്
2	248/25 ഡയറി എക്സ്റ്റൻഷൻ ഓഫീസ്, സി ഡി പി ഒ ഓഫീസ് കെട്ടിടം അറ്റകുറ്റ പണികൾ	1800000 മെയിന്റെനൻസ് ഗ്രാന്റ് (നോൺ റോഡ്)	640000/- (മൊബിലൈസേഷൻ അഡ്വാൻസ്)	TRN No.241808000000010770 Dtd 18.03.2025	ജില്ലാ നിർമ്മിതി കേന്ദ്ര,വയനാട്
ആകെ					831929 /-

മേൽ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപാത്രം എന്നിവ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകവയറിക്ക് (8/18-07-2025)ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപാത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നത് വരെ ₹8,31,929/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 പി.എം.എ വൈ ഭവനപദ്ധതി തൽസ്ഥിതി വിവരങ്ങൾ

പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന സംയുക്ത പ്രോജക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട്	ഫണ്ടിനം, അടങ്കൽ	ആകെ ചെലവ്
1	39/25– പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ)	₹891,3,000/-, (₹33,43,000/- പൊതുവിഭാഗം വികസന ഫണ്ട്, ₹10,00,000/ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം, 2570000ജില്ലാ പഞ്ചായത്ത് വിഹിതം, ₹2000000/- സെൻട്രൽ ഫണ്ട്)	4175000/-
2	67/25– പി.എം.എ.വൈ ഭവന	₹9864000/-,	4653000/-

	നിർമ്മാണം (ടി.എസ്.പി)	(₹1800000/- ടി.എസ്.പി വികസന ഫണ്ട് ₹1710000/- ഗ്രാമപഞ്ചായത്തുകളുടെ വിഹിതം, 2394000/-ജില്ലാ പഞ്ചായത്ത് വിഹിതം, ₹2160000/- സെൻട്രൽ ഫണ്ട്, 1800000/- സംസ്ഥാന ഫണ്ട്)	
3	102/25– പി.എം.എ.വൈ ഭവന നിർമ്മാണം (എസ്.സി.പി)	₹1420000/-, ₹1420000/- (എസ്.സി.പി വികസന ഫണ്ട്)	592000/-

പി.എം.എ വൈ പദ്ധതി 2021-22

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 5 പഞ്ചായത്തുകളിൽ നിന്നായി ആകെ 309 ഗുണഭോക്താക്കളാണ് 2021-22 വർഷത്തിൽ എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇവരിൽ 303 പേരും നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ 2021-22 വർഷം വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനെത്തുടർന്ന് കൈപ്പറ്റിയ തുക തിരികെ അടവാക്കിയിട്ടുണ്ട്. താഴെ പറയുന്ന 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതു വരെ പൂർത്തീകരിക്കുകയോ കൈപ്പറ്റിയ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

ക്രമനം	ഗുണഭോക്താവിന്റെ പേര്, വിലാസം	അവസാന ഗഡു നൽകിയ തീയ്യതി	ആകെ നൽകിയ തുക
1	ജേസഫ്, പാറപ്പള്ളി	27.02.24	1,60,000/-
2	വസന്ത രാജൻ, മാരമല കോളനി	25.09.23	4,80,000/-
3	കാളി ബസവൻ, വട്ടപ്പാടി കോളനി	07,07.24	4,16,000/-
4	ശാന്ത ചുണ്ടക്കൊല്ലി കോളനി	24.12.24	4,08,000/-

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും വിട് നിർമാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പി.എം.എ വൈ പദ്ധതി 2024-25

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 5 പഞ്ചായത്തുകളിൽ നിന്നായി ജനറൽ , എസ്.സി വിഭാഗങ്ങൾക്കായി ആകെ 214 ഗുണഭോക്താക്കളാണ് ഭവനനനിർമ്മാണത്തിനായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയവർ	തറ	ലിന്റൽ	ആകെ
149	51	14	214

ഗുണഭോക്താക്കൾ വിട് നിർമാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (20/23-07-2025) ലഭ്യമാക്കിയ മറുപടി പ്രകാരം പി.എം.എ വൈ പദ്ധതി 2021-22-ൽ ഉൾപ്പെട്ട ഗുണഭോക്തക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ പലരും വർഷങ്ങളായി ഭവന നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ആശാവഹമല്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം ഭരണ സമിതി തീരുമാന പ്രകാരം ഇത്തരം ഗുണഭോക്താക്കളിൽ നിന്നും ആനുകൂല്യം റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-15 അർഹമായ പിഴ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല.

താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ, കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും G.O.(MS) No.21/2024/PWD/02.04.2024 പ്രകാരമുള്ള പിഴ ഈടാക്കാതെ, അവസാന ബിൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. S0082/22-23, S0145/24-25 ചീയമ്പം 73 നഴ്സറി സ്കൂൾ ബൊമ്മൻ കോളനി ഫുട്പാത്ത് കോൺക്രീറ്റ്

അടങ്കൽ	₹ 7,00,000/-	(TSP)	
ചെലവ് തുക	₹ 6,29,752/-		
ബിൽ നം.	BRN No. 24180863001101710112	തീയതി	25.03.2025
കരാർ നം.	AEE/LID&ENG/PNM/49/2022-23	തീയതി	31.03.2023
കരാറുകാരന്റെ പേര്	ശ്രീ. ജസ്റ്റിൻ . കെ. കുര്യൻ		
എസ്റ്റിമേറ്റ് തുക	7,00,000/-		
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	30/03/2024		
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി	10.04.2023		
പൂർത്തീകരിക്കേണ്ടുന്ന സമയപരിധി	7 Months (10.04.2023 To 09.11.2023)		
പരമാവധി കരാർ കാലയളവിന്റെ 50%വരെ ദൈർഘ്യപ്പിച്ചാൽ	23.02.2024 വരെ		
TS No	1/1	തീയതി	11/7/22
ഇ. എം. ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	25/03/2025		
പ്രവൃത്തി വൈകിയ കാലയളവ്	16 മാസം 17 ദിവസം		

ഈടാക്കേണ്ടിയിരുന്ന പിഴ			ഈടാക്കിയ പിഴ			
കാലയളവ്		തുക	കാലയളവ്		തുക	ബാക്കി
10.11.2023	09.02.2024	533697*1% - 5337	9.3.24	2.5.24	53 ദിവസം (ആഴ്ചയിൽ 1% നിരക്കിൽ) - 4064	
10.02.2024	09.05.2024	533697*2% - 10674	3.5.24	18.8.24	109 ദിവസം (ആഴ്ചയിൽ 1% നിരക്കിൽ) - 8387	50% Period 25.02.24
ലിക്വിഡേറ്റഡ് ഡാമേജസ്			19.8.24	4.12.24	109 ദിവസം (ആഴ്ചയിൽ 1% നിരക്കിൽ) - 8387	
10.05.2024	25.03.2025 (315 Days)	533697*0.1%*45 - 24016	5.12.24	20.3.25	107 ദിവസം (ആഴ്ചയിൽ 1% നിരക്കിൽ) - 8189	
			21.03.25	25.3.25	4 ദിവസം (ആഴ്ചയിൽ 1% നിരക്കിൽ) - 327	
ആകെ		40027			29354 (ബില്ലിൽ നിന്നും കുറവ് ചെയ്തത് 30754)	9273

2) പ്രോജക്ട് നം. S0063/22-23, S0227/24-25 എം.എസ്.കവല – ആരശ്ശേരി കവല റോഡ് റീ ടാറിംഗ്

അടങ്കൽ	₹ 7,00,000/-	(ജനറൽ)	
ചെലവ് തുക	₹ 6,93,077/-		
ബിൽ നം.	BRN No. 24180863001101708845	തീയതി	25.03.2025
കരാർ നം.	AEE/LID&ENG/ PNM/63/2022-23	തീയതി	31.01.2024
കരാറുകാരന്റെ പേര്	ശ്രീ. കുര്യൻ തോമസ്		

എസ്റ്റിമേറ്റ് തുക	5,92,564/-		
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	08/08/2024		
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി	09.02.2024		
പൂർത്തീകരിക്കേണ്ടുന്ന സമയപരിധി	6 Months (09.02.2024 To 08.08.2024)		
പരമാവധി കരാർ കാലയളവിന്റെ 50%വരെ ദൈർഘ്യപ്പിച്ചാൽ	Upto 08.11.2024		
ഇ. എം. ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	24/03/2025		
പ്രവൃത്തി വൈകിയ കാലയളവ്	4 മാസം 16 ദിവസം		

ഈടാക്കേണ്ടിയിരുന്ന പിഴ			ഈടാക്കിയ പിഴ			
കാലയളവ്		തുക	കാലയളവ്		തുക	ബാക്കി
09.08.2024	08.11.2024	മൺസൂൺ ആയതിനാൽ ഒഴിവാക്കി	09.08.2024	08.11.2024	മൺസൂൺ ആയതിനാൽ ഒഴിവാക്കി	
09.11.2024	08.02.2025	592564*2% - 11851				
ലിക്വിഡേറ്റഡ് ഡാമേജസ്						
09.02.2025	24.03.2025 (44 Days)	592564*0.1%*6.2- 3733	09.11.2024	08.02.2025	90 ദിവസം (ആഴ്ചയിൽ 0.1% നിരക്കിൽ)	
			09.02.2025	29.03.2025 (44 Days)	21 ദിവസം (ആഴ്ചയിൽ 0.1% നിരക്കിൽ)	
ആകെ		15584			(ബില്ലിൽ നിന്നും കുറവ് ചെയ്തത് 12444)	3140

പനമരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ എൻകവറി നമ്പർ. 05/24-25/18.7.2025 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ക്രമ നമ്പർ 1 – പ്രോജക്ട് നം. S0082/22-23, S0145/24-25 ചീയമ്പം 73 നഴ്സറി സ്കൂൾ ബൊമ്മൻ കോളനി ഫുട്പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച 9273/- രൂപ കരാറുകാരനായ ശ്രീ. ജസ്റ്റിൻ കുര്യനിൽ നിന്നും രശീത് നമ്പർ R-B 120200-25000005 തീയതി 26.07.2025 പ്രകാരം ഈടാക്കിയതായി അറിയിച്ച് രശീത് പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് നം. S0063/22-23, S0227/24-25 എം.എസ്.കവല – ആരശ്ശേരി കവല റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയിലെ ഓഡിറ്റ് നിർദ്ദേശിച്ച പിഴ തുക കൂടി ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ- തനത് ഫണ്ടിലേക്ക് തുക റീ ഫണ്ട് ചെയ്യാൻ ബാക്കി നിൽക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് 2941/2017/ LSGD Dtd 26.8.2017 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്റർ കണക്കനുസരിച്ച് 19,31,592/- രൂപ പനമരം ബ്ലോക്ക് പഞ്ചായത്തിന് നൽകാൻ അവശേഷിക്കുന്നു.

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ MGNREGS വിഭാഗത്തിന് കൊടുത്ത മുൻകൂർ തുക പരിശോധിച്ചതിൽ 31/03/2025 തിയ്യതിവരെ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയതും (RP 47 – 460100199) തിരികെ ലഭിക്കാൻ അവശേഷിക്കുന്നതുമായ തുക 22,43,434 രൂപയാണ്. ഇത് മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളുമായി യോജിക്കുന്നില്ല. MGNREGA യ്ക്ക് നൽകിയതും തിരികെ ലഭിച്ചതുമായ തുകയുടെ

വിവരങ്ങൾ പരിശോധിക്കേണ്ടതും തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ തനത് ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതുമാണ്.

1-17 കൊഴുപ്പള്ളിക്കുന്ന് വാട്ടർ സപ്ലൈ സ്കീമിന് ഇലക്ട്രിഫിക്കേഷൻ & പമ്പ് സെറ്റ് ലഭ്യമാക്കൽ - പ്രവൃത്തി അനന്തമായി നീണ്ടുപോയി, പിഴ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ - 148/2024-25 (153/22-23, 141/23-24)

എഗ്രിമെന്റ് നമ്പർ - AEE/AE/LID&EW/PNM BLOCK 53/23-24/12.03.2024

എസ്റ്റിമേറ്റ് പി.എ.സി. **- 1,27,134**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ തുക – **1,27,240/-**

കരാറുകാരൻ **-** ആദർശ് **. പി. എ.**

കാലാവധി **- 1** മാസം **(12.03.2024 – 11.04.2024)**

സൈറ്റ് ഹാൻഡ് ഓവർ **- 22.03.2024**

പൂർത്തീകരിക്കേണ്ട തീയതി **- 22.04.2024**

പൂർത്തീകരണ തീയതി **- 24.03.2025**

മേൽ പ്രവൃത്തിയിൽ കരാറുകാരൻ യഥാസമയം എഗ്രിമെന്റ് സമർപ്പിച്ച് പ്രവർത്തി ഏറ്റെടുത്തിട്ടില്ലാത്തതിനാൽ, സാമ്പത്തിക വർഷാവസാനമായതിനാലും പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിലും, ഭരണസമിതി തീരുമാനത്തിനായി 5.3.2024 ലെ നമ്പർ-എ1-86/2024(1) കത്ത് പ്രകാരം അസി. എഞ്ചിനീയർ , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ഭരണസമിതി 13.03.2024ലെ തീരുമാനം നമ്പർ 2/13 പ്രകാരം അനുമതി നൽകുകയും ചെയ്തു. എഗ്രിമെന്റ് കാലതാമസത്തിന് കരാറുകാരൻ 1% പിഴ രശീതി നമ്പർ 12/12.3.2024 പ്രകാരം ഒടുക്കി AEE/AE/LID&EW/PNM BLOCK 53/23-24 പ്രകാരം കരാറിലേർപ്പെട്ടു. തുടർന്ന് താഴെ ചേർത്തിരിക്കുന്ന രീതിയിൽ വിവിധ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത്		കാരണം	പിഴ ചുമത്തിയത്
22.04.2024	21.07.2024	മോട്ടോർ ലഭ്യമല്ല	ഇല്ല
22.07.2024	21.10.2024	മോട്ടോർ ലഭ്യമല്ല	ഇല്ല
22.10.2024	21.01.2025	മോട്ടോർ ലഭ്യമല്ല	ഇല്ല
22.01.2025	21.04.2025	മോട്ടോർ ലഭിച്ചു. പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ടി.	ഇല്ല

രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന സാഹചര്യത്തിൽ 7.5 HP മോട്ടോർ പമ്പ് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി 10 മാസത്തോളം ദീർഘിപ്പിച്ചു എന്നത് നീതീകരിക്കാവുന്നതല്ല. ആകെ 1 മാസം പ്രവൃത്തി പൂർത്തീകരണ കാലാവധി അനുവദിച്ച പ്രവൃത്തി 1 വർഷത്തിലധികം ദീർഘിപ്പിച്ചു നൽകിയതിനും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായിട്ടും പിഴ ഈടാക്കാത്തതിനും വിശദീകരണം താൽപര്യപ്പെടുന്നു. മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. അടിയന്തിരമായി ചെയ്തു തീർക്കേണ്ട കുടിവെള്ള പദ്ധതി അനന്തമായി നീണ്ടുപോയിട്ടും പദ്ധതി യഥാസമയം പൂർത്തിയാക്കാൻ ഉള്ള ഇടപെടൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ മോണിറ്ററിംഗ് സമിതിയിൽ നിന്നോ ഉണ്ടായതായി ഫയലിൽ കാണുന്നില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയം ചൂണ്ടികാണിച്ച് സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ, പനമരം ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ. 23/24-25/23.7.2025) അസിസ്റ്റന്റ് എഞ്ചിനീയർ 23.07.2025 ന് ലഭ്യമാക്കിയ എ1-25 മറുപടി പ്രകാരം പ്രസ്തുത പ്രവൃത്തി ഇലക്ട്രിക്കൽ പ്രവൃത്തിയായതിനാൽ ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി മുഖേനയാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത കമ്മിറ്റി പാസ്സാക്കി നൽകിയ ബിൽ പ്രകാരമാണ് കരാറുകാരന് തുക നൽകിയതെന്നും പൂർത്തീകരണത്തിന് കാലതാമസം നേരിട്ടപ്പോൾ പൊതുമരാമത്ത് മാന്വൽ അപ്പെൻഡിക്സ് 2100 എഫ് ഫോറം പ്രകാരം ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി അംഗമായ ശ്രീ അമൽ തമ്പി, അസി. എക്സി. എഞ്ചിനീയർ ശുപാർശ ചെയ്യുകയും അസി. എക്സി.എഞ്ചിനീയർ

ശ്രീ. വിൻസെന്റ്.കെ.ജോസ് അംഗീകാരം, നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പിഴയീടാക്കാതെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകിയതെന്നും അറിയിച്ചു.

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം പഞ്ചായത്ത് ഭരണസമിതി വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. എന്നാൽ, പിഴ ഒഴിവാക്കി സമയം ദീർഘിപ്പിച്ചു നൽകാവുന്നതല്ല. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും കൂടാൻ പാടില്ലായെന്നും, പിഴയായി ആദ്യ തവണ കരാർ തുകയുടെ 1 ശതമാനവും, തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 തീയതിയിലെ എ.സി 2/223/2015തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടു കൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1%(1000 രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2%(2000 രൂപയിൽ കുറയാതെയും 1,00,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതുമാണ്. മേൽ പ്രവൃത്തിയിൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായതിനാൽ നിർബന്ധമായും പിഴയീടാക്കേണ്ടതാണ്. സർക്കാർ ഉത്തരവുകളും പി.ഡബ്ലു.ഡി. മാന്വലും കാലാനുസൃതമായ ഭേദഗതികളും മാത്രമാണ് ഇവിടെ ആധാരമാക്കേണ്ടത്. അല്ലാത്തപക്ഷം സ്ഥാപനത്തിനുണ്ടായിട്ടുള്ള ധനനഷ്ടത്തിനും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ പൊതുജനങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്കും നിർവഹണ ഉദ്യോഗസ്ഥനും അംഗീകാരം നൽകിയ ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റിയും ബാദ്ധ്യസ്ഥരാകുന്നതാണ്.

1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ചിട്ടില്ല.

പട്ടിക ജാതി വികസന ഓഫീസർ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0078/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	₹15,00,000/-(വികസന ഫണ്ട് SCP)
ചെലവ് തുക, ബിൽ നം./തീയതി	₹7,78,493/-(TRN 241808000000011483/27.03.25 30000/- TRN 008520/17.01.2025 28812/- TRN 006500/07.11.2024 80000/- TRN 005552/07.10.24 140000/- TRN 005076/25.09.24 499681/-)

മേൽ പ്രോജക്ട് പ്രകാരം, പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്[നം.സ.(സ്വാധാ) നം.738/2023/LSGD തീ.28/03/2023] പ്രകാരം കുറഞ്ഞത് 120 ചതുരശ്ര അടിയിൽ ആണ് പഠനമുറി നിർമ്മിക്കേണ്ടത്. 50,000/- രൂപ മുൻകൂർ നൽകാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ പഠനമുറിയുടെ വിസ്തീർണ്ണം, എത്ര തുകയാണ് നൽകേണ്ടത് എന്ന് വ്യക്തമായി അസി. എഞ്ചിനീയർ രേഖപ്പെടുത്തേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം 16 വിദ്യാർത്ഥികൾക്ക് ആണ് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്. . 50000/- രൂപ മുൻകൂർ നൽകുകയും , തുടർന്ന് 75000/- രൂപയുടെ രണ്ട് ഗഡുക്കൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കരാറിലേർപ്പെട്ട പഠിതാക്കൾ പഠന മുറി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	2024-25 വരെ ആകെ നൽകിയ തുക(₹)
1	ആദിത്യൻ സുനിൽ, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	1,70,000/-
2	അളകനന്ദ ഷൈജു, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	1,70,000/-
3	വൈഗ രമേഷ്. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	1,70,000/-
4	അശ്വിൻ രതീഷ്, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	1,70,000/-
5	അനന്തു കൃഷ്ണ, പനമരം ഗ്രാമപഞ്ചായത്ത്	1,70,000/-

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 15/2024-2025/21.07.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പഠനമുറികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ പഠന മുറികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 പുൽപ്പള്ളി സി.എച്ച്.സി ആശുപത്രി സായാഹ്ന ഒ.പി - നികുതികൾ അടവാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ(സി.എച്ച്.സി പുൽപ്പള്ളി) നിർവ്വഹണോദ്യോഗസ്ഥനായി സായാഹ്ന ഒ.പി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	അടങ്കൽ (₹)	ചെലവ് (₹)
S0050/25	പുൽപ്പള്ളി സി.എച്ച്.സി സായാഹ്ന ഒ.പി സ്റ്റാഫിന്റെ നിയമനം	10,00,000/- (വികസന ഫണ്ട് ജനറൽ)	7,34,544/-

മേൽ പദ്ധതി പ്രകാരം, പുൽപ്പള്ളി സി.എച്ച്.സി യിലെ ഈവനിംഗ് ഒ.പി ക്ക് വേണ്ടി നിയമിച്ച ജീവനക്കാരിൽ താഴെ പറയുന്നവർ തൊഴിൽ നികുതി, ഇൻകം ടാക്സ് എന്നിവ അടച്ചിട്ടില്ല.

	ജീവനക്കാരുടെ പേര്	ഉദ്യോഗപ്പേര്	2023-24 സാമ്പത്തിക വർഷത്തെ ശമ്പളം(₹)
1	ഡോ. അമൽ കൃഷ്ണ	മെഡിക്കൽ ഓഫീസർ	3,25,134/-(ഒരു മാസത്തെ ഏറ്റവും കുറഞ്ഞ ശമ്പളം 45200/-)
2	ഡോ.കൃപ പർവ്വീൺ	മെഡിക്കൽ ഓഫീസർ	1,92,800/-(ഒരു മാസത്തെ ഏറ്റവും കുറഞ്ഞ ശമ്പളം 48600/-)

മേൽ പട്ടിക പ്രകാരം, പുൽപ്പള്ളി സി.എച്ച്.സി ആശുപത്രിയിലെ ഈവനിംഗ് ഒ.പി ക്ക് വേണ്ടി നിയമിച്ച ജീവനക്കാരിൽ ആദായ നികുതി നിയമം 1961 -ലെ സെക്ഷൻ 192 പ്രാകാരമുള്ള ഇൻകം ടാക്സ് TDS ഈടാക്കിയിട്ടില്ല. മേൽ പദ്ധതിയിലെ ജീവനക്കാരിൽ നിന്നും 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 14/2024-2025/21.07.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ ജീവനക്കാരിൽ നിന്നും ഇൻകം ടാക്സും പദ്ധതിയിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

1-20 വാഹന വാടക- അനുവദനീയമായതിലും അധികം തുക നൽകി

സ്വന്തമായി വാഹന സൗകര്യം ഇല്ലാത്ത തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പരിനാലാം പഞ്ചവത്സര പദ്ധതി (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ) മാർഗ്ഗരേഖ (സ.ഉ(കൈ).നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22) ഖണ്ഡിക 8.2(4) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വാഹനം വാടക എടുത്തിട്ടുണ്ട്. കണ്ടിജന്റ് ചെലവുകൾക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിന് സെക്രട്ടറി ലഭ്യമാക്കിയ തുകയിൽ നിന്നാണ് വാഹനത്തിന്റെ വാടക നൽകിയിട്ടുള്ളത്.

മേൽ പറഞ്ഞ മാർഗ്ഗരേഖ അനുസരിച്ച് പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36000 രൂപ നിജപ്പെടുത്തി ക്വട്ടേഷൻ വിളിക്കേണ്ടതാണ്. എന്നാൽ 2024 ഏപ്രിൽ മാസം മുതൽ 2024 ഡിസംബർ മാസംവരെ ക്വട്ടേഷൻ വിളിക്കാതെ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 30.11.2024 – ന് ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മാത്യു ജോസഫ് എന്നരുടെ ക്വട്ടേഷൻ 17.12.24 -ലെ 2/1 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ചാണ് ജനുവരി 2025 മുതൽ വാടക നൽകിവരുന്നത്. എന്നാൽ കരാറുകരനുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/10/2022-ലെ 450/2022/SRG/LSGD(CC)(4) നമ്പർ തീരുമാന പ്രകാരം പ്രതിമാസം നൽകാവുന്ന പരമാവധി തുക 36000 രൂപ എന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞതിലും കൂടുതൽ തുക ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വാടകയ്ക്കടുത്ത വാഹനത്തിന് ചില മാസങ്ങളിൽ വാടകയായി നൽകിയിട്ടുണ്ട്. വാടക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്രമ നമ്പർ	മാസം	നൽകിയ വാടക	ചെക്ക് നമ്പർ	അധികം നൽകിയ തുക
1	3/24	13698	600784/15.06.2024	
2	4/24	8173		
3	5/24	32794	600787/22.08.2024	
4	6/24	27949		
5	7/24	29868		
6	8/24	30875	600789/16.10.2024	
7	9/24	46284		10284
8	10/24	40726	600793/08.11.2024	4726
9	11/24	34618	600792/16.12.2024	
10	12/24	39026	600796/23.01.2025	3026
11	1/25	36000	600801/07.03.2025	
12	2/25	36000	600802/29.03.2025	

13	3/25	36000	600804/15.06.2024	
ആകെ		412011		18036

1961 – ലെ ആദായ നികുതി നിയമം വകുപ്പ് 194 സി പ്രകാരം 30000 രൂപയോ അതിൽ കൂടുതലോ നൽകുന്ന എല്ലാ തുകകൾക്കും പ്രതിവർഷം ആകെ നൽകുന്ന തുക 1,00,000 രൂപയ്ക്ക് മേൽ വരുമ്പോഴും വക്തിഗതമാണെങ്കിൽ (PAN) 1% ഉം സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ 2% ഉം ആദായ നികുതി (ടിഡിഎസ്) ഈടാക്കേണ്ടതാണ്. എന്നാൽ വാഹന വാടകയിനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 4,12,011/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആദായ നികുതി ഈടാക്കിയിട്ടില്ല.

അനുവദനീയമായതിലും കൂടുതൽ തുക നൽകിയതിനും, ആദായ നികുതി ഈടാക്കാത്തതിനും 2024 ഏപ്രിൽ മാസം മുതൽ 2024 ഡിസംബർ മാസംവരെ കമ്മീഷൻ വിളിക്കാതെ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വാഹന വാടക നൽകിയതിനും, വാഹന ഉടമയുമായി കരാറിൽ ഏർപ്പെടാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 9/19.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായതിലും അധികം നൽകിയ ₹18,036/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും മറ്റ് ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-21 സർക്കാർ നിർദ്ദേശാനുസരണം ഉള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, ക്യാഷ് ബുക്കിൽ കണ്ടിജന്റ് ചെലവുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകയുടെ വരവുചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 16 അനുസരിച്ചും 12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ചും നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ. 7(എ) ഫോറത്തിലുള്ള ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും അതിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അനുബന്ധം ബി-IV പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (10/21.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-22 ഒരേ ഇൻവോയിന് രണ്ട് പ്രാവശ്യം തുക നൽകി

KSWAN കണക്ഷന്റെ സർവ്വീസ് ദാതാവായ മലനാട് കമ്മ്യൂണിക്കേഷന്റെ 2023 ആഗസ്റ്റ് മാസത്തെ ഇൻവോയിസിന് രണ്ട് പ്രാവശ്യം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നമ്പർ	1014/16.08.2023
തുക	₹9440/-
ആദ്യം തുക നൽകിയതിന്റെ ചെക്ക് നമ്പർ/തീയതി	XY6791198/25.08.2023
സെക്രട്ടറിയുടെ നടപടി ഉത്തരവ് നമ്പർ/തീയതി	BPPNM/16/2023A, 22.08.2023
രണ്ടാമത് തുക നൽകിയതിന്റെ ചെക്ക് നമ്പർ/തീയതി	XY6791596/10.05.2024
സെക്രട്ടറിയുടെ നടപടി ഉത്തരവ് നമ്പർ/തീയതി	LSGD/1053/2024A, 07.05.2024

ഒരേ ഇൻവോയിസിന് രണ്ട് പ്രാവശ്യം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.12/21.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹9440/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-23-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ

പ്രോജക്ട് നം./പേര്	S0073/25, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ
അടങ്കൽ	₹ 29,00,000/- (വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 29,00,000/-
	₹ 5,67,200/-(Allotment No.252/17-12-24)
	₹ 7,01,700/-(Allotment No.280/06-01-25)
	₹ 7,40,300/-(Allotment No.297/16-01-25)
	₹ 3,15,700/-(Allotment No.322/28-01-25)

	₹ 5,75,100/-(Allotment No.353/11-02-25)

മേൽ പദ്ധതി പ്രകാരം, വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ഗ്രാമ പഞ്ചായത്തിന്റെ പേര്	നൽകിയ തുക(₹)
1	മുള്ളൻ കൊല്ലി ഗ്രാമ പഞ്ചായത്ത്	5,67,200/-
2	പൂതാടി ഗ്രാമ പഞ്ചായത്ത്	7,01,700/-
3	പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്	7,40,300/-
4	കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്	3,15,700/-
5	പനമരം ഗ്രാമ പഞ്ചായത്ത്	5,75,100/-
ആകെ		**29,00,000/-**

1-23-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പട്ടിക വർഗ്ഗം

പ്രോജക്ട് നം./പേര്	74/25, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പട്ടിക വർഗ്ഗം
അടങ്കൽ	₹ 18,00,000/- (വികസന ഫണ്ട് പട്ടിക വർഗ്ഗം)
ചെലവ് തുക, ബിൽ നം./തീയതി	₹ 18,00,000/-
	₹ 7,10,900/-(Allotment No.290/13-01-25)
	₹ 3,10,500/-(Allotment No.293/15-01-25)
	₹ 3,50,400/-(Allotment No.334/01-02-25)
	₹ 4,28,200/-(Allotment No.354/11-02-25)

മേൽ പദ്ധതികൾ പ്രകാരം, വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ഗ്രാമ പഞ്ചായത്തിന്റെ പേര്	നൽകിയ തുക(₹)
1	പൂതാടി ഗ്രാമ പഞ്ചായത്ത്	7,10,900/-
2	പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്	3,10,500/-
3	കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്	3,50,400
4	പനമരം ഗ്രാമ പഞ്ചായത്ത്	4,28,200/-
ആകെ		**18,00,000/-**

മുകളിൽ കൊടുത്ത പട്ടികയിലെ കണിയാമ്പറ്റ, പുൽപ്പള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 16/2024-2025/21.07.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്, ഗ്രാമ പഞ്ചായത്തുകളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ പനമരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1-24-1 പനമരം സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നു വാങ്ങൽ

മെഡിക്കൽ ഓഫീസർ സി.എച്ച്.സി പനമരം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിലെ ചെലവ് 2024-25 വർഷത്തെ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ വന്നിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0112/25, പനമരം സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നു വാങ്ങൽ
അടങ്കൽ	₹ 16,30,806(വികസന ഫണ്ട് ജനറൽ) ₹ 3,00,000/-(തനത് ഫണ്ട്) ആകെ - ₹ 19,30,806/-
ചെലവ് തുക, ബിൽ നം./തീയതി	₹ 18,28,523/-
	₹ 6,41,232/-(TRN: 241808000000001992/25-06-2024)
	₹ 9,40,431/-(TRN: 241808000000001985/28-06-2024)
	₹ 2,46,860/-(Cheque No: 6791738/19-08-2024)

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/2023-24/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-24-2 ഗോജീവ സുരക്ഷ സഞ്ചരിക്കുന്ന മൃഗാശുപത്രി(സ്റ്റിൽ ഓവർ)

സീനിയർ വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിലെ ചെലവ് 2024-25 വർഷത്തെ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ വന്നിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0126/25, ഗോജീവ സുരക്ഷ സഞ്ചരിക്കുന്ന മൃഗാശുപത്രി(സ്റ്റിൽ ഓവർ)
അടങ്കൽ	(വികസന ഫണ്ട് - ജനറൽ - ₹ 68,215/- ഗു.വി - ₹ 1,44,384/-) ആകെ ₹ 2,12,599/
ചെലവ് തുക, ബിൽ നം./തീയതി	₹ 81,643/-
	₹ 63,274/- (TRN: 241808000000004084/05-09-2024)
	₹ 18,369/- (Cheque No.6791757/12-09-2024)

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം.4/2023-24/16.07.2025) ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ കൊടുത്ത പ്രവർത്തികൾ സുലേഖയിൽ കാണിക്കാക്കത്തതിനാൽ ടെക്നിക്കൽ അസിസ്റ്റന്റിനെ അറിയിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. സുലേഖയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-24 പദ്ധതികൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പനമരം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ 2024-2025 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ താഴെ ഫറയുന്ന പ്രോജക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1-25 സഞ്ചരിക്കുന്ന ആതുരാലയം - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കി

പനമരം ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി മെഡിക്കൽ ഓഫീസർ, സഞ്ചരിക്കുന്ന ആതുരാലയം എന്ന പദ്ധതി നടപ്പിലാക്കിയിട്ടിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0026/25, സഞ്ചരിക്കുന്ന ആതുരാലയം
അടങ്കൽ	₹ 36,71,450/-(വികസന ഫണ്ട് ജനറൽ) ₹ 3,25,000/-(തനത് ഫണ്ട്) ആകെ - 39,96,450/-
ചെലവ് തുക, ബിൽ നം./തീയതി	₹ 39,76,474/-
	₹ 3,25,000/-(TRN: 241808000000005860/17-10-2024)
	₹ 4,62,000/-(TRN: 241808000000005859/17-10-2024)

	₹ 9,95,209/-(TRN: 241808000000007602/13-12-2024)
	₹ 1,25,510/-(TRN: 241808000000006731/16-11-2024)
	₹ 8,250/-(TRN: 241808000000007859/24-12-2024)
	₹ 1,29,067/-(TRN: 241808000000008495/16-01-2025)
	₹ 1,33,333/-(TRN: 241808000000008496/16-01-2025)
	₹ 14,04,305/-(TRN: 241808000000008498/17-01-2025)
	₹ 77,000/-(TRN: 241808000000009576/15-02-2025)
	₹ 3,16,400/-(Cheque No: 6791949/25-03-2025)

സഞ്ചരിക്കുന്ന ആതുരാലയം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽ പദ്ധതി സബ്സിഡി മാർഗ്ഗരേഖ[സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022] / പദ്ധതി മാർഗ്ഗരേഖ[സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022] എന്നിവ പ്രകാരം പ്രസ്തുത പ്രോജക്ട് അനുവദനീയമല്ല. സഞ്ചരിക്കുന്ന ആതുരാലയം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടില്ല.

2) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി രൂപീകരണത്തിൽ പ്രധാന പങ്ക് വഹിക്കേണ്ടത്. എന്നാൽ, ആരോഗ്യ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ മേൽ പദ്ധതിയുടെ കാര്യത്തിൽ ചർച്ച ചെയ്ത് തീരുമാനം എടുത്തതായി രേഖപ്പെടുത്തൽ കാണുന്നില്ല.

3) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. എന്നാൽ, സ്റ്റാഫിനു ശമ്പളമായി ₹ 10,60,760/- നൽകിയിട്ടുണ്ട്.

4) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.4 പ്രകാരം മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യ വകപ്പാണ്. എന്നാൽ, വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. എന്നാൽ, ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിന് തുക ചെലവഴിക്കാനോ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മേൽ പദ്ധതി പ്രകാരം 23,99,514/- രൂപയുടെ മരുന്നുകൾ നീതി സ്റ്റോറുകളിൽ നിന്നും ജൻ ഔഷധി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ, പ്രോജക്ടിനു വേണ്ടി മരുന്നുകൾ വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖ വിരുദ്ധമായാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.4(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. KMSCL -ൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാല താമസം വന്നാൽ അത്യാവശ്യ മരുന്നുകൾ നീതി സ്റ്റോർ, ജൻ ഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാമെന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത്. എന്നാൽ, മേൽ പദ്ധതിയിലെ മരുന്നുകൾ അത്യാവശ്യ മരുന്നുകൾ അല്ലാഞ്ഞിട്ടും നീതി സ്റ്റോർ , ജൻ ഔഷധി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്.

5) എം. ഷാനവാസ് എന്നയാൾക്ക് വാഹന വാടക ആയി ആകെ ₹ 5,16,000/- നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ ഓർഡർ(നം.254/2024/MO CHC Panamaram തീ 22/03/2024) പ്രകാരം എം. ഷാനവാസിന്റെ കവട്ടേഷൻ(43000/Month) അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ഭരണസമിതി / പ്രോക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

6) വിവിധ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി ഉപയോഗിച്ചവരുടെ ലിസ്റ്റ് അതത് ഗ്രാമ പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളുടെ മേൽ പദ്ധതി നടപ്പലാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള കത്ത് ലഭ്യമാക്കിയിട്ടില്ല. മറുപടി പ്രകാരം ലിസ്റ്റ് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

7) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 14 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. എന്നാൽ, ആരോഗ്യ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22/2024-2025/23.07.2025) ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കി അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-26 പുൽപ്പള്ളി സി.എച്ച്.സി- ക്വാളിറ്റി സർട്ടിഫിക്കേഷൻ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പുൽപ്പള്ളി സി.എച്ച്.സി- ക്വാളിറ്റി സർട്ടിഫിക്കേഷൻ എന്ന പദ്ധതി നടപ്പിലാക്കിയിട്ടിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./	S0053/25, പുൽപ്പള്ളി സി.എച്ച്.സി-	S00111/25, പുൽപ്പള്ളി സി.എച്ച്.സി-

പേര്	കാളിറ്റി സർട്ടിഫിക്കേഷൻ	കാളിറ്റി സർട്ടിഫിക്കേഷൻ(സ്പിൽ ഓവർ)
അടങ്കൽ	₹ 5,00,000/-(MGNR)	₹ 2,88,847/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,99,847/-(TRN: 241808000000008751/25-01-2025)	₹ 2,86,780/- (TRN: 241808000000011597/29-03-2025)

മേൽ പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) 2023-24 വർഷം മുതലാണ് പുൽപ്പള്ളി സി.എച്ച്.സി- കാളിറ്റി സർട്ടിഫിക്കേഷൻ (പ്രോജക്ട് നം. S00203/24) തുടങ്ങിയിരിക്കുന്നത്. 2023-24 വർഷം ₹ 61,153/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രോജക്ട് രേഖയിലോ ഫയലിലോ പ്രോജക്ട് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നത് വ്യക്തമാക്കിയിട്ടില്ല.

2) സി.എച്ച്.സി- കാളിറ്റി സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കിയിട്ടില്ല.

3) 2023-24, 2024-25 എന്നീ വർഷങ്ങളിലായി പുൽപ്പള്ളി സി.എച്ച്.സി- കാളിറ്റി സർട്ടിഫിക്കേഷനായി ആകെ ₹ 8,47,780/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, കാളിറ്റി സർട്ടിഫിക്കേറ്റ് ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല.

4) കാളിറ്റി സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13/2024-2025/21.07.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ തീയതി
14.07.2025- 23.07.2025	ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ തീയതി

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
പനമരം ഗ്രാമ പഞ്ചായത്ത്	2024-25	70000	പിഎംഎവൈ ഭവനപദ്ധതി ജനറൽ	70000	0
പനമരം ഗ്രാമ പഞ്ചായത്ത്	2024-25	225000	പിഎംഎവൈ ഭവനപദ്ധതി ജനമൻ	225000	0

പനമരം ഗ്രാമ പഞ്ചായത്ത്	2024-25	125000	പിഎംഎവൈ ഭവനപദ്ധതി ടി.എസ്.പി	125000	0
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്	2024-25	390000	പിഎംഎവൈ ഭവനപദ്ധതി ടി.എസ്.പി	390000	0
പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്	2024-25	375000	പിഎംഎവൈ ഭവനപദ്ധതി ജനമൻ	375000	0
പൂതാടി ഗ്രാമ പഞ്ചായത്ത്	2024-25	70000	പിഎംഎവൈ ഭവനപദ്ധതി ജനറൽ	70000	0
പൂതാടി ഗ്രാമ പഞ്ചായത്ത്	2024-25	1200000	പിഎംഎവൈ ഭവനപദ്ധതി ജനമൻ	1200000	0
പൂതാടി ഗ്രാമ പഞ്ചായത്ത്	2024-25	445000	പിഎംഎവൈ ഭവനപദ്ധതി ടി.എസ്.പി	445000	0
മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്	2024-25	1425000	പിഎംഎവൈ ഭവനപദ്ധതി ജനമൻ	1425000	0
ആകെ		4325000		4325000	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം, ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
2017-18/3-11	2018-19, 1.1.3 (C)	ലൈഫ് മിഷൻ ഭവന പദ്ധതി-ചെയ്യാത്ത പ്രവർത്തിക്ക് തുക നൽകി	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ വരവ്	:	₹122644281.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹106123122.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹8150714.00

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-11	28,785	ശ്രീമതി ഷീബ കെ, സെക്രട്ടറി
1-12	25,90,000	ശ്രീമതി ഷീബ കെ, സെക്രട്ടറി
1-13	8,31,929	ശ്രീമതി ഷീബ കെ, സെക്രട്ടറി
1-23-1	29,00,000	മരിയ ദിവാൻജി എ. എസ് , ക്ഷീരവികസന ഓഫീസർ
1-23-2	18,00,000	മരിയ ദിവാൻജി എ. എസ് , ക്ഷീരവികസന ഓഫീസർ
ആകെ തടസ്സം	₹81,50,714	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ഷീബ കെ, സെക്രട്ടറി	30.04.2025 ന് സേവനത്തിൽ നിന്നും വിരമിച്ചു.	വള്ളുവക്കണ്ടി കല്ലിൽ, വേമം പി.ഒ മാനന്തവാടി ഫോൺ 9526593275
മരിയ ദിവാൻജി എ. എസ് , ക്ഷീരവികസന ഓഫീസർ	ക്ഷീരവികസന ഓഫീസർ, പനമരം ബ്ലോക്ക് ഓഫീസ്	കഞ്ചിത്തറ ഹൗസ് ഗോതുരുത്തി പി.ഒ എറണാകുളം ഫോൺ 8113064984

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2010-11, 2011-12, 2012-13	എൽ.എഫ്(ഡബ്യു.) ഇ2- 185/14 തീയ്യതി 28.10.2022	12
2013-14	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-101/16തീയ്യതി 28.10.2022	9
2014-15, 2015-16	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-ഇ2-241/12 തീയ്യതി 28.10.2022	13
2016-17	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-773/17തീയ്യതി28.10.2022	5
2017-18	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2- 858/18/28.10.2022	13
2018-19	കെ.എസ്.എ ഡബ്ല്യു.വൈ.ഡി എം.2-254/20/28.10.2022	17
2019-20	കെ.എസ്.എ ഡബ്ല്യു.വൈ.ഡി-എം.2-290/22/08/08/2023	32
2020-21	കെ.എസ്.എ ഡബ്ല്യു.വൈ.ഡി-ഇ3-291/22/ 12/09/2023	40
2021-22	കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 203/2023 /29.03.2023	13
2022-23	കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 615/2023 /26.09.2023	21
2023-24	കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3-769/2024/5.10.2024	31

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 29-05-2025 and submitted on 17-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Panamaram Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Panamaram Block Panchayat as on 31-03-2025

Date: 06/10/2025 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Panamaram Block Panchayat for the Year 2024-2025.

1.Major Observations

1.Non disclosure of Asset-The E Tender amount deposited into the Executive Engineer's account is not included in the annual accounts of the Grama Panchayat.

2.Asset Register not updated. Hence the authenticity of assets could not be verified.

3.The value of assets and depreciation value in Schedule B-11 of the balance sheet should be added progressively. However, the closing balance amount is less than the opening balance of the assets in the account head given below.

Head	Opening Balance	Closing Balance
410710104-Movable Assets-Furniture,Fixtures,Fittings & Electrical Appliances	1,26,59,424	38,61,216
410710199- Other Fixed Assets	14,70,608	0

2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted.

a) Basic ratios.

b) Notes on account.

2. Cash flow statement - Net decrease in cash flow does not match with the difference between the opening balance and the closing balance of cash and cash equivalents.

Net cash generated by Operating+Investing+Financial Activity	Net Increase in Cash and Cash Equivalence

1,89,28,473	1,65,21,159

3.The monthly financial statements have not been prepared as per Rule 61 of the Kerala Panchayat Raj (Accounts) Rules.

4.The development fund expenditure as per the grant statement does not match that of AFS.

5. Records of 50200301-Recoveries Payable-covid of Rs.121417/- in the B-4 of balance sheet is not produced for audit.

6. The assets that does not come under the Block Panchayath has been recorded as assets In Schedule B-11 of the balance sheet.

Head	Amount
410200102-Building Bus Stands	Rs. 119,330/ -

7.Records of 280800501-Prior Period Programme Expenses of Rs.9,79,35,507/- in the I - 18 of Income & Expenditure is not produced for audit.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
Abstract of Annual Financial Statements

Panamaram Block Panchayat
BALANCE SHEET

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-49565608.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	107892416.00
	Total Reserve & Surplus		**58326808.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	35628367.00
	Total Grants, Contributions for Specific Purposes		**35628367.00**
	Loans		
	Current Liabilities & Provisions		
340000000	Deposits Received	B-7	2054181.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1288280.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**3342461.00**
	TOTAL LIABILITIES		**97297636.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	56698017.00
411000000	Accumulated Depreciation	B-11	-3440690.00
412000000	Capital Work in Progress	B-11(a)	2304653.00
	Total Fixed Assets		**55561980.00**
	Investments		
420000000	Investments-General Fund	B-12	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	1563733.00
450000000	Cash and Bank Balance	B-17	38240331.00
460000000	Loans, Advances and Deposits	B-18	1931592.00

Digitally signed by SHIJI F
Date: 2025.06.17 16:34:3
Reason: Approval
Location: Kerala

	Total Current Assets, Loans and Advances	**41735656.00**
	Other Assets	
	Miscellaneous Expenditure (To the Extent not written off)	
	TOTAL ASSETS	**97297636.00**

Panamaram Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	21719172.00
Cash	Cash	RP-40(a)	0.0
	Operating		
130000000	Rental income from Panchayat Properties	RP-3	1500.00
140000000	Fees & User Charges	RP-4	175068.00
150000000	Sale & Hire Charges	RP-5	10290.00
151000000	Receipts from Transferred Institutions	RP-6	1600.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	93169155.00
171000000	Interest Earned	RP-9	1005562.00
320000000	Grants, Funds & Contributions for Specific Purposes	RP-31	25398247.00
350000000	Other Liabilities	RP-36	164461.00
	Non Operating		
180000000	Other Income	RP-10	270164.00
340000000	Deposits Received	RP-34	135777.00
350000000	Other Liabilities	RP-36	68963.00
460000000	Loans, Advances and Deposits	RP-47	2243494.00
	Grand total		**144363453.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	5922880.00
220000000	Administrative Expenses	RP-12	1241906.00
230000000	Operations & Maintenance	RP-13	1316570.00
250000000	Decentralised Plan Programme- Productive Sector	RP-15	10684546.00
251000000	Decentralised Plan Programme- Service Sector	RP-16	47821621.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	1561815.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	102766.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	718414.00
255000000	Maintenance Projects	RP-20	8635743.00

Digitally signed by SHIJI F
Date: 2025.06.17 16:35:3
Reason: Approval
Location: Kerala

260000000	Grants, Contributions and Compensations from Own Fund	RP-22	200000.00
350000000	Other Liabilities	RP-36	12099445.00
	Non Operating		
311000000	Earmarked Funds	RP-29	0.0
340000000	Deposits Received	RP-34	55477.00
350000000	Other Liabilities	RP-36	327113.00
410000000	Fixed Assets	RP-38	7364547.00
412000000	Capital work in Progress	RP-40	4240817.00
431000000	Sundry Debtors (Receivables)	RP-43	1552272.00
460000000	Loans, Advances and Deposits	RP-47	2277190.00
	Closing Balance		
Bank	Bank	RP-40(b)	38240331.00
Cash	Cash	RP-40(b)	0.0
	Grand Total		**144363453.00**

Panamaram Block Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	INCOME		
130000000	Rental Income from Panchayat / Municipal Properties	I-3	1500.00
140000000	Fee & User Charges	I-4(b)	225877.00
150000000	Sale & Hire Charges	I-5(b)	14308.00
151000000	Receipts from Transferred Institutions	I-5(a)	1600.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	103406699.00
171000000	Interest Earned	I-8	1005562.00
180000000	Other Income	I-9	270164.00
	Total Income		**104925710.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	5922880.00
220000000	Administrative Expenses	I-11(b)	1236202.00
230000000	Operations & Maintenance	I-12(b)	6428687.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	17901633.00
251000000	Decentralised Plan Programme-Service Sector	I-14(a)	48781647.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	8696071.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	116704.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	1088414.00
255000000	Maintenance Projects	I-14(e)	9371806.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	200000.00
272000000	Depreciation	I-17(a)	1186602.00
	Total Expenditure		**100930646.00**
	Gross Surplus / Deficit of income over Expenditure		**3995064.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	90527958.00
	Net difference (Prior period Income - Prior period Expenditure)		**-86532894.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

Digitally signed by SHIJI F
Date: 2025.06.17 16:35:0
Reason: Approval
Location: Kerala

SENIOR DEPUTY DIRECTOR
DISTRICT AUDIT OFFICE,WAYANAD